

# ചിറകുകൾ

## ഡിജിററൽ മാഗസിൻ

ലിററിൽ കൈററ്സ്- ഒ എച്ച് എസ് എസ് ,തിരൂരങ്ങാടി

ഡിജിറ്റൽ സാങ്കേതികവിദ്യയുടെ
ചിറകുകൾ വിടർത്തി
സർഗാത്മകതയുടെ
ആകാശത്തിലേക്ക്
പറക്കാൻ ഒരു ചെറിയ ശ്രമം
സാങ്കേതികവിദ്യയിലൂടെ
നന്മയുടെ പൂക്കൾ
വിരിയിക്കാനുള്ള ചെറിയ കാൽവെപ്പ്
പുതിയ സ്വപ്നങ്ങൾ പിറക്കട്ടെ
സ്വപ്ന ലക്ഷ്യങ്ങളിലേക്ക്
കുട്ടികൾ സന്തോഷച്ചിറകുകളുമായി
പാറിപ്പറക്കട്ടെ



മാഗസിൻ സമിതി
ലിറ്റിൽകൈറ്റ്സ്, ഒ. എച്ച് എസ് എസ് ,
തിരൂരങ്ങാടി

## സന്ദേശം

നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ
"ചിറക് "എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ ഇറക്കുന്നു
എന്നറിഞ്ഞതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു.
ഇത്തരം മാഗസിനുകൾ നിങ്ങളുടെ ഉയർച്ചക്കും വളർച്ചക്കും
സഹായകമാവട്ടെ എന്ന് ആശിക്കുന്നു. ഇനിയും നല്ല സൃഷ്ടികൾ
ഇറക്കുന്നതിന് നിങ്ങൾക്ക് കഴിയുമാറാവട്ടെ എന്ന് പ്രശംസിക്കുന്നു.

എന്ന്
നിങ്ങളുടെ സ്വന്തം
ഹെഡ്മാസ്റ്റർ
ടി അബ്ദുൽ റഷീദ് മാസ്ററർ

## സന്ദേശം

ഓറിയന്റൽ ഹയർ സെക്കൻഡറി സ്ക്കൂളിലെ
ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ചിറക്' എന്ന
പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുന്നു
എന്നറിഞ്ഞതിൽ വളരെയധികം സന്തോഷിക്കുന്നു.
ഇതിനു വേണ്ടി പ്രയത്നിച്ചവരെ അഭിനന്ദിക്കുന്നതോടൊപ്പം
ഈ പ്രവർത്തനങ്ങൾ നിങ്ങളുടെ ഭാവി ജീവിതത്തിൽ
ഈ മേഖലയിൽ നിങ്ങളുടെ കഴിവുകൾ വികസിപ്പിച്ചെടുക്കുന്നതിന്
ഉപകാരപ്പെടട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.

സ്നേഹപൂർവ്വം
നസീർ ബാബു.കെ
SITC,OHSS തിരൂരങ്ങാടി

## സന്ദേശം

ഒറിയന്റൽ ഹയർ സെക്കണ്ടറി സ്കൂൾ ലിറ്റിൽ കൈറ്റ്സ്
ഐ.ടി ക്ലബ്ബ് ഡിജിറ്റൽ മാഗസിൻ" ചിറക് "പുറത്തിറക്കാൻ തീരുമാനിച്ചതിൽ
അതിയായ
സന്തോഷമുണ്ട് . വിവര സാങ്കേതിക രംഗം കുതിച്ച് മുന്നേറുമ്പോൾ
അതിനോടൊപ്പം വിദ്യാർത്ഥി സമൂഹവും പതിന്മടങ്ങ് വേഗത്തിൽ അതിനോട്
താരതമ്യം പ്രാപിക്കേണ്ടതുണ്ട് . അതിന് മാഗസിൻ സമിതിക്കാവട്ടെ,
എന്ന്

MOHAMMED SHAFI MASTER
LITTLE KITES, CONVENOR

# താളുകളിൽ

## ലേഖനം


വിദ്യാഭ്യാസം മൂല്യാധിഷ്ഠിതമാവട്ടെ -
ഷാനവാസ് പറവന്നൂർ .... 5

Transforming Education with chat GPT
Naseer Babu Master .. 8

സമയത്തിന്റെ വില ലേഖനം
മുഹമ്മദ് സിനാൻ എം. 10 A 11


## കഥ


ആമയുടെ ബുദ്ധി
മുഹമ്മദ് മിദ്‌ലാജ് E 9E 6

അമ്മക്കുരുവിയുടെ വീട്
രിഫ ടി 9E 13

പട്ടം പറത്തുന്ന കുട്ടി
റിദ് വ 9 F 14

അപ്പുവിന്റെ സ്വപ്നം
ഫാത്തിമ റന പി 9 C 15

നായയുടെ യജമാന സ്നേഹം
ഹാഫിസ് മുഹമ്മദ് 10E 16

ഒരു പെൺകുട്ടി
ലു ബൈബ KM 9D 18

ഒരു മഴക്കാലം
മുഹമ്മദ് ഷാനിൽ പി. 9A 19

ആപത്ത് വന്നപ്പോൾ
ഫാത്തിമ ഷഹാന എം. 10E 21

രണ്ടു പെൺകുട്ടികൾ
സഫ തെസ്നീം എം 10D 22


## കവിത


മുല്ലവള്ളി
മുഹമ്മദ് അനസ് കെ ടി 10 B 10

കാലവും കോലവും
ഫാത്തിമ റസ് ലി എം.കെ 9 C 10

എന്റെ ഉപ്പ
മൗസൂഫ അലി ഒ 9E 12

മുന്നോട്ട്
ഫജർ മുഹമ്മദ് 9 C 14

ബാല്യം നഷ്വ കെ 9C 14

പ്രകൃതി പാടുന്നു
മുഹമ്മദ് റഷാദ് കെ.കെ 10E 17

പൊൻപ്രഭാതം
ബർസ ടി.ടി 9 F 18

സ്വപ്നം
ഷഫ്ന ഷെറിൻ സി 10C 20



## കുറിപ്പ്


ജീവിതം
മുഹമ്മദ് നിഷാൻ കെ 9 F 22

# വിദ്യാഭ്യാസം മൂല്യാധിഷ്ഠിതമാവട്ടെ

ഷാനവാസ് പറവന്നൂർ


പ്രവർത്തിക്കാൻ പഠിക്കുക ,അറിയാൻ പഠിക്കുക ,ഒരുമിച്ചു ജീവിക്കാൻ പഠിക്കുക ,സ്വയം തിരിച്ചറിയാൻ പഠിക്കുക എന്നീ ചതുർ സ്തംഭങ്ങൾ വിദ്യാഭാസത്തിന്റെ ഘടകങ്ങളായി യുനെസ്കോ പ്രസ്താവിച്ച ലക്ഷ്യങ്ങളിലേക്കുള്ള യാത്രയിലാണ് പുതിയ കാലം .





ദേശീയ വിദ്യാഭ്യാസ നയം 2019 ന്റെ ഭാഗമായി ദേശീയതലത്തിലും സാംസ്ഥാന തലത്തിലും പാഠ്യപദ്ധതി നവീകരണം നടന്നു കൊണ്ടിരിക്കുന്ന സമയമാണ് .ഒരു തലമുറയെ തന്നെ ദിശ ബോധത്തോടെ മുന്നോട്ടു നയിക്കുന്നതിൽ ഏറെ പ്രാധാന്യമുള്ള ഒന്നാണ് വിദ്യാഭ്യാസ പ്രക്രിയയുടെ അടിസ്ഥാന ഘടകമായ പാഠ്യപദ്ധതിക്കുള്ളത്.കലാനുസൃപ്രാദേശികവുമായ ഘടകങ്ങൾക്ക് മുൻതൂക്കം നൽകുന്നതോടൊപ്പം മാനവികവും സാമൂഹികവുമായ ഘടകങ്ങൾ കൂടി ഉൾപെടുന്ന വിദ്യാഭ്യാസ രീതി അനിവാര്യമായ സാഹചര്യമാണ് ഇന്ന് നിലവിലുള്ളത് .സമൂഹത്തിന്റെ ചിന്തകളും ആദർശങ്ങളും മൂല്യങ്ങളും പൈതൃകവും പുതിയ തലമുറയിലേക്കു പകരുന്ന വിദ്യാഭ്യാസം സാമൂഹിക രൂപീകരണത്തിന് ഏറെ സഹായകമാവുന്ന ഒന്നാണ് .പൊതു ഇടങ്ങളിൽ സാമൂഹിക രൂപീകരണം നടത്താൻ സഹായകമാവുന്ന ഇത്തരം വിദ്യാഭ്യാസ പ്രകിയ ദേശീയ വിദ്യാഭ്യസത്തിന്റെ നയങ്ങളിൽ ഒന്നായി മാറേണ്ടതുണ്ട് എന്നത് വാസ്തവമാണ് .വിദ്യാലയം ഒരു സമൂഹം തന്നെയാണ് .എന്നാൽ അത്ഒരു ചെറിയ സമൂഹം മാത്രമാണ് .ഗൃഹ ജീവിതത്തിലും സമൂഹ ജീവിതത്തിലും നേരിടുന്ന പ്രശ്നങ്ങളും നാം ആർജിച്ചെടുക്കുന്ന അനുഭങ്ങളും വിദ്യാലയത്തിലേക്ക് എത്തണം .വിദ്യാഭ്യാസം അവയിൽ അധിഷ്ഠിതമാവണം .അപ്പോഴാണ് അതിനെ യഥാർത്ഥ ജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയു .സംസ്കാരത്തെ തിരിച്ചറിയാനും പ്രേക്ഷണം ചെയ്യാനും പുരോഗനാത്മകമായി പരിവർത്തിപ്പിക്കാനും പ്രേരണ നൽകുന്ന സാംസ്കാരിക സമീപനം ഓരോസമൂഹത്തിന്റെയുംആവശ്യമാണ് .അറിവ് ,ധാരണ ,നൈപുണികൾ എന്നിവയോടൊപ്പം ഒരു മനുഷ്യൻ എന്ന നിലയിലും സാമൂഹ്യ ജീവി എന്ന നിലയിലും കൈവരിക്കേണ്ട മൂല്യങ്ങൾ മനോഭാവങ്ങൾ കാഴ്ചപ്പാടുകൾ നിലപാടുകൾ എന്നിവ അത് കൊണ്ട് തന്നെ ദേശീയ വിദ്യാഭ്യാസത്തിന്റെ അനിവാര്യ ഘടകമാവേണ്ടതുണ്ട് .

## നവോത്ഥാന നായകരും സമുദായ സൗഹാർദ്ദവും


ദേശ സ്നേഹം ,ദേശാഭിമാനം ,ആത്മാഭിമാനം എന്നിവ ഓരോ വ്യകതിയിലും വളർത്താൻ പുരോഗമനാത്മക പഠ്യപദ്ധതി പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട് .ലോക സമാധാനം ,മാനവ നന്മ എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത് .വിവിധ മതങ്ങൾ തമ്മിലുള്ള സൗഹാർദ്ദവും ഊഷമളതയും ഊട്ടി ഉറപ്പിക്കുന്നതിനു





ദേശീയ വിദ്യഭ്യാസ നയത്തിൽ പ്രത്യേകം എടുത്തു പറയുന്ന കാമ്പ് പാഠ്യപദ്ധതി പ്രാദേശികമായി പ്രതെയ്കളെ പരിഗണിക്കേണ്ടത് അനിവാര്യമാണ് .എന്നാൽ ഇതിൽ തന്നെ പ്രത്യേകം ഊന്നി പറയുന്ന ചെറിയ കുടുംബം എന്ന ആശയം വിമര്ശനാത്മകമായി വിലയിരുത്തേണ്ടതാണ് .സ്ത്രീ പുരുഷ അവസര സമത്വം എന്ന ദേശീയ ലക്ഷ്യത്തെ മാത്രം

പിന്തുടർന്ന് സംസ്ഥാനത്തു നില നിൽക്കുന്ന കാഴ്ചപ്പാടുകൾ മതനിരാസത്തിലേക്കും അവസര സമത്വം എന്ന പേരിൽ ഏക പക്ഷ വായനയിലേക്കും അതിവേഗം മാറുന്നുണ്ട് .ഓരോ കാലഘട്ടങ്ങളിലും നവോഥാന മുന്നേറ്റത്തിന് മുന്നിൽ നിന്നവരെ രാഷ്ട്രീയ വത്കരിക്കുന്നതു ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയാണ് .നവോഥാന നായകരെ പോലും സാമുദായികമായി വേർതിരിച്ചു പാഠപുസ്തകങ്ങളിൽ നിന്നും ഒഴിവാക്കി അവരുടെ ശ്രമങ്ങളെ പാഠ്യവിഷയമല്ലാതാക്കി വരുന്നതും ഏറിവരുന്നുണ്ട്




പ്രൈമറി അധ്യാപക പരിശീലന കോഴ്സ്നു ഒരു കാലഘട്ടത്തിൽശ്രീനാരായണ ഗുരു ,അയ്യൻകാളി ,വക്കം അബ്ദുൽ കാദർ മൗലവി എന്നിവർ ഉണ്ടായിരുന്നു .എന്നാൽ സമീപ കാലത്തു വക്കം അബ്ദുല്ല കാദർ മൗലവിയെ ഒഴിവാക്കിയത് പ്രത്യേകമായ ഒരു താല്പര്യത്തിന്റെ പേരിലാവും എന്ന് വായിച്ചാൽ കുറ്റം പറയാനാവില്ല .ദേശീയ പാഠ്യപദ്ധതിക്കൊപ്പം പ്രാദേശികമായതു കൂടി പരിഗണിക്കണം എന്ന് പ്രത്യേകം പറയാനുള്ള കാരണം ഇത്തരം ആളുകളുടെ ഇടപെടലുകൾ വായിക്കപ്പെടണം എന്നുള്ളത് കൊണ്ട് തന്നെയാണ്.

കഥ

# ആമയുടെ ബുദ്ധി

മുഹമ്മദ് മിദ്‌ലാജ് E
9E

കരടിയുടെ കൊതി എന്ന കഥയ്ക്കു സമാനമായ മറ്റൊരു കഥ കൂടിയുണ്ട്. വെള്ളത്തിനു ക്ഷാമമുണ്ടാകും എന്നു മുൻകൂട്ടി മനസ്സിലാക്കിയ സിംഹരാജൻ തന്റെ മ്രന്തിമാരുടെ ഒരു യോഗം വിളിച്ചു.കടുവ, പുള്ളിപ്പുലി, ചെന്നായ, കുറുക്കൻ, ആമ. ഇവരാണ് സിംഹത്തിന്റെ മന്ത്രിമാർ. കാര്യങ്ങളൊക്കെ വിശദീകരിച്ചതിനുശേഷം വെള്ളം എവിടെയെങ്കിലും തടഞ്ഞുകെട്ടി സൂക്ഷിക്കണമെന്ന് സിംഹം ആവശ്യപ്പെട്ടു. അടുത്തദിവസം മുതൽ പണി തുടങ്ങുന്നതിനും നിർദ്ദേശിച്ചു. കുറുക്കൻ മാത്രം ഇക്കാര്യത്തിൽ വിസമ്മതം പ്രകടിപ്പിച്ചു. പണികളിലൊന്നും കുറുക്കൻ സഹകരിച്ചുമില്ല. അടുത്ത വേനൽ വന്നപ്പോൾ ജലസംഭരണിയിൽ നിറഞ്ഞു കിടക്കുന്ന ജലം കണ്ട് മൃഗങ്ങൾ വളരെയേറെ സന്തോഷിച്ചു.

ഒരു ദിവസം ചെന്നായ നോക്കുമ്പോൾ സംഭരണിയിലെ ജലം കലങ്ങിക്കിടക്കുന്നു. അടുത്തദിവസം അവൻ ഒളിച്ചിരുന്നു കാര്യം മനസ്സിലാക്കി. കുറുക്കൻ! അവൻ ആരും കാണാതെ സുത്രത്തിലെത്തി വെള്ളം കുടിക്കുകയും വിശാലമായി കുളിക്കുകയും ചെയ്യുന്നു. സംഗതി സിംഹരാജന്റെ ചെവിയിലുമെത്തി.



എന്താണു മാർഗ്ഗം? കുറുക്കനറിയാതെ മന്ത്രിമാരെ വിളിച്ചു വരുത്തിയിട്ട് സിംഹം പറഞ്ഞു. “അവനെ തടയണം. കഴിയുമെങ്കിൽ പിടിച്ചുകെട്ടി നല്ല ശിക്ഷ കൊടുക്കണം.” പിന്നെ ചോദിച്ചു. “അടയാള സഹിതം അവനെ പിടിച്ചു കെട്ടാൻ നിങ്ങളിൽ ആർക്കു കഴിയും?

" കടുവ. പുള്ളിപ്പുലി. ചെന്നായ.



മുന്നുപേരും ഒഴിഞ്ഞു. മഹാസൂത്രശാലിയായ കുറുക്കൻ തങ്ങളെ കെണിയിൽ പെടുത്തിയാലോ എന്നവർ ഭയപ്പെട്ടു.
മന്ത്രിമാരുടെ കൂട്ടത്തിൽ ശരീരം കൊണ്ടും മറ്റും ദുർബ്ബലനായ ആമ വിനയത്തോടെ സിംഹത്തോടു പറഞ്ഞു.
"ഞാൻ... ഞാനവനെ വീഴ്ത്താം."
അതുകേട്ട് മറ്റുമുന്നുപേരും ഉള്ളിൽ ചിരിച്ചു.
"നീയോ നിനക്കെങ്ങനെ അതു സാധിക്കും?"
ആമ തന്റെ പദ്ധതി വിശദീകരിച്ചു.
"കൊള്ളാം നീ ബുദ്ധിമാൻതന്നെ"
സിംഹം ആമയെ അഭിനന്ദിച്ചു. തൊട്ടടുത്ത ദിവസം കുറുക്കൻ പമ്മിപ്പമ്മി ജലസംഭരണിയിലെത്തി. ജലത്തിലേക്ക് പതിയെ കാലെടുത്തുവച്ച കുറുക്കൻ എന്തോ ഒരു വല്ലായ്മ തോന്നി. കാലുകൾ പിൻവലിക്കാൻ ശ്രമിച്ചെങ്കിലും അതിനു കഴിഞ്ഞില്ല.
താനൊരു കെണിയിൽപെട്ടുവെന്ന് പെട്ടെന്നു തന്നെ കുറുക്കനു മനസ്സിലായി.
ആമ പതിയെ ഒന്നിളകി; തല വെളിയിലിട്ടു.
"എന്നെ സ്വതന്ത്രമാക്കിയില്ലെങ്കിൽ നിന്റെ തല ഞാൻ ചവിട്ടി പൊളിക്കും."
"നിന്റെ ഇഷ്ടംപോലെ ആയിക്കോ." ആമ ചിരിച്ചുകൊണ്ടു പറഞ്ഞു.
തന്റെ പിൻകാലുകൾകൊണ്ട് ആമയുടെ തല മാന്തിക്കീറാൻ ശ്രമിച്ച കുറുക്കന്റെ ആ കാലുകളും ആമയുടെ തോടിൽ കട്ടിയിൽ തേച്ചുപിടിപ്പിച്ചിരുന്ന ചെന്നർകൽ പശയിൽ (ഒട്ടിപ്പിടിക്കുന്ന ഒരുതരം കറുത്ത മെഴുകുപോലെയുള്ള പശ) പറ്റിപ്പിടിച്ചു. നാണവും കോപവും കൊണ്ട് തന്നെത്തന്നെ മറന്നുപോയ കുറുക്കൻ ആമയുടെ തല കടിച്ചു പറിക്കാൻ ശ്രമിച്ചു. പാവം കുറുക്കൻ, ആമയുടെ മുതുകിൽ ശരീരത്തിന്റെ കീഴ്ഭാഗം മുഴുവൻ ഒട്ടിപ്പിടിച്ചു കിടപ്പിലായിപ്പോയി അവൻ. വിവരം കാട്ടിലാകെ പെട്ടെന്നുതന്നെ പരന്നു. തന്റെ പുറത്ത് ഒട്ടിക്കിടക്കുന്ന കുറുക്കനുമായി ആമ പതിയെ തുഴഞ്ഞു പുറത്തുവന്നു.
സൂത്രം പ്രയോഗിക്കുന്നതിൽ അതിമിടുക്കനായ കുറുക്കനെ കെണിയിൽ വീഴ്ത്തിയ ആമയെ ഓരോരുത്തരും മാറിമാറി അഭിനന്ദിച്ചു.




നൂറടി നലകി കുറുക്കനെ കാട്ടിൽനിന്ന് പുറത്താക്കുന്നതിന് മൃഗങ്ങളുടെ യോഗം തീരുമാനിച്ചു.

അരുതാത്തതു ചെയ്താൽ എത്ര
സൂത്രശാലിയും ഒരുനാൾ വീഴും







# Transforming Education with ChatGPT

Nasser Babu Master
SITC,OHSS Tirurangadi

In recent years, technological advancements have revolutionized various aspects of our lives, including education. One such innovation making waves in the education sector is ChatGPT, an artificial intelligence language model developed by OpenAI. ChatGPT is proving to be a valuable tool in transforming traditional educational practices and enhancing learning experiences for students worldwide.

**Personalized Learning:**




One of the key benefits of integrating ChatGPT into education is its ability to provide personalized learning experiences. By analyzing students' responses and interactions, ChatGPT can tailor educational content to individual needs and learning styles. This adaptability ensures that students receive targeted support and assistance, thereby maximizing their learning outcomes.

**24/7 Support:**


Unlike traditional classroom settings, ChatGPT offers round-the-clock support to students. Whether they are studying late at night or revising concepts during weekends, students can access ChatGPT anytime for clarification on topics, assistance with assignments, or even to engage in educational conversations. This accessibility fosters a culture of continuous learning and encourages students to take ownership of their education.

**Enhanced Collaboration** :

ChatGPT also facilitates collaboration among students and educators. Through group chats or virtual classrooms, students can collaborate on projects, discuss ideas, and seek peer feedback with the assistance of ChatGPT. Additionally, educators can use ChatGPT to facilitate discussions, provide additional resources, and offer personalized feedback to students, thus fostering a dynamic and engaging learning environment.

**Language Learning and Communication Skills:**

For language learners, ChatGPT serves as an invaluable tool for practicing and improving language skills. Through interactive conversations with ChatGPT, students can enhance their vocabulary, grammar, and conversational fluency in a supportive and non-judgmental environment. Furthermore, ChatGPT can simulate real-life communication scenarios, helping students develop effective communication skills essential for success in today's globalized world.





**Critical Thinking and Problem-Solving:**

ChatGPT encourages critical thinking and problem-solving skills by challenging students with thought-provoking questions and scenarios. Through engaging conversations and interactive activities, students learn to analyze information, evaluate evidence, and formulate well-reasoned arguments. This cultivates a deeper understanding of complex concepts and prepares students to tackle real-world challenges effectively.

**Ethical Considerations:**

However, as with any technology, the integration of ChatGPT in education raises ethical considerations, such as privacy concerns, data security, and potential biases in the AI model. Educators and policymakers must ensure transparent usage policies, robust data protection measures, and ongoing monitoring of ChatGPT's performance to mitigate these risks and uphold ethical standards in



In conclusion, ChatGPT represents a paradigm shift in education, offering unprecedented opportunities for personalized learning and instructional support. By leveraging the power of AI, ChatGPT empowers students to learn at their own pace, explore diverse learning pathways, and receive tailored assistance tailored to their individual needs. Moreover, ChatGPT assists educators in enhancing teaching effectiveness, promoting student engagement, and optimizing learning outcomes. As we continue to harness the potential of AI in education,



ChatGPT stands as a beacon of innovation, driving towards a future where learning is truly personalized, inclusive, and transformative.ChatGPT holds tremendous potential to revolutionize education by providing personalized learning experiences, fostering collaboration, enhancing communication skills, and promoting critical thinking. By leveraging this innovative technology responsibly, educators can empower students to thrive in an increasingly complex and interconnected world.





# മുല്ല വള്ളി

കവിത

MOHAMMED ANAS KT
10B

മുല്ല വള്ളി പൂത്ത നേരം
നല്ല മണം ഓടിയെത്തി
നല്ല മണം വന്നുടനെ
മുല്ലയെ ഞാൻ തേടിപ്പോയി

മുല്ലപ്പൂക്കളാൽ പൊതിഞ്ഞ
മുല്ല വള്ളി നോക്കി ഞാൻ
നല്ല മണമുള്ള മുല്ലയിൽ
നല്ല ചേല് കണ്ടു ഞാൻ !

കവിത

FATHIMA RASLI MK 9C

# കാലവും കോലവും




തട്ടിൻ പുറത്ത് ചുണ്ടെലി മാമന്
പട്ടിണിയാണേ പലവട്ടം .
കപ്പക്കഷ്ണം കിട്ടാതായി -
ട്ടൊത്തിരിയായീ ദിവസങ്ങൾ .
പയർമണിയെങ്ങും കാണാനില്ല
നെൻമണിയില്ല കലവറയിൽ .
ബ്രെഡും ജാമും തിന്നു തിമിർക്കും
കുട്ടികളാണേ ഈ വീട്ടിൽ .
ബേക്കറി പലഹാരങ്ങൾ നിറഞ്ഞൊരു
മാർക്കറ്റാണേ ഈ വീട് !
ചേമ്പും മാമ്പും കാമ്പും പോയീ
ഫാസ്റ്റാണല്ലോ , ഫുഡെല്ലാം
കാലം മാറിപ്പോയി , കുട്ടികൾ
കോലം കെട്ടു നടപ്പല്ലേ

ലേഖനം

# സമയത്തിൻെറ വില

MOHAMMED SINAN M
10A

ബുദ്ധിമാന്മാരായ മനുഷ്യർ സമയത്തിന്റെ മൂല്യം മനസ്സിലാക്കുന്നു.സമയത്തിനെ നല്ലരീതിയിൽ ഉപയോഗം ചെയ്യുന്നയാളിന് ഈ ലോകത്ത് യാതൊന്നും അസാദ്ധ്യമായിത്തീരുകയില്ല. ഈശ്വരന്റെ എല്ലാ സൃഷ്ടികളും സംഹാരവും സമതത്തിൽ നിർഭരമാണ് . ഒരിക്കൽ നഷ്ടമായാൽ പിന്നീട് നേടിയെടുക്കാൻ കഴിയാത്ത ഒന്നാണ് സമയം .സമയത്തിന്റെഗതിയാതൊരു തടസ്സവും സമയത്തിനനുസരിച്ച് ആവശ്യവും ഉചിതവുമായ കൂടാതെ കുതിച്ചുകൊണ്ടിരിക്കുന്നു.കാര്യ ങ്ങൾ ചെയ്യുക എന്നതാണ് സമയത്തിന്റെ സദുപയോഗത്തിലൂടെ അർത്ഥമാക്കുന്നത്. കഴിഞ്ഞുപോയ സമയം ഒരിക്കലും കൈയിൽ വരുന്നില്ല.അതിനാൽ ഓരോവ്യക്തിയും സമയത്തെ നല്ലരീതിയിൽ ഉപയോഗിക്കേണ്ടതാവശ്യമാണ് .സമയത്തിന്റെ സദുപയോഗം കൊണ്ട് അനേകം നേട്ടങ്ങളുണ്ട്.അധ:പതിച്ചവരെ ഉന്നതരാക്കാനുള്ള ശക്തി സമയത്തിനുണ്ട്. അത് ദരിദ്രരെ സമ്പന്നരാക്കുകയും നിർബലരെ പ്രബലരാക്കുകയും ഉന്നതിയുണ്ടാകുന്നു. ചെയ്യുന്നു.ഇപ്രകാരം അദ്ധ്യയനത്തിലൂടെ സമയത്തിന്റെ സമയത്തിന്റെ ഏറ്റവും സദുപയോഗത്തിലുടെ നല്ല ഉപയോഗം സാധ്യമാകുന്നു. സമയത്തിന്റെ സദുപയോഗത്തിലൂടെ മനുഷ്യന്റെ ശാരീരികവും ബുദ്ധിപരവും മാനസികവുമായ വികാസം ഉണ്ടാകുന്നു. ഇംഗ്ലീഷ് നാടകകൃത്തായ ഷേക്സ്പിയർ പറഞ്ഞിട്ടുണ്ട് .ഞാൻ സമയത്തെ നഷ്ടപ്പെടുത്തി, ഇപ്പോൾ സമയം എന്നെ നഷ്ടപ്പെടുത്തിരിക്കുന്നു.സമയത്തെ നല്ലരീതിയിൽ വിനിയോഗിക്കുന്ന രാഷ്ട്രം




ഉന്നതിയുടെ കൊടുമുടിയിൽ എത്തുന്നു. ആധുനിക യുഗത്തിൽ സമയത്തെ ആശ്രയിച്ചാണ് എല്ലാ പ്രവൃത്തികളും നടക്കുന്നത്.വിദ്യാഭ്യാസജീവിതം ജ്ഞാനം ആർജ്ജിക്കുന്നതിനുള്ള സമയമാണ്. എന്നാൽ ഇന്നത്തെ വിദ്യാർഥികൾ സമയത്തിൽ ശ്രദ്ധിക്കാതെ രാഷ്ട്രിയത്തിൽ പങ്കെടുത്തുകൊണ്ട് തങ്ങളുടെ സമയം നഷ്ടപ്പെടുത്തുന്നു. വിദ്യാർത്ഥികൾ തുടക്കംമുതൽ തന്നെ സമയത്തിന്റെ സദുപയോഗത്തെക്കുറിച്ച് അറിഞ്ഞിരിക്കേണ്ടതാണ് .അല്ലെങ്കിൽ പിന്നീടവർക്ക് പശ്ചാത്തപിക്കേണ്ടി വരും. സമയത്തെ നല്ലരീതിയിൽ വിനിയോഗിക്കുന്നതിനായി നാം ഒരു ദിനചര്യ ഉണ്ടാക്കി അതനുസരിച്ച് ജീവിക്കേണ്ടതാണ് . മഹാത്മാഗാന്ധിയുടെ ജീവിതം സമയത്തിന്റെ ഒരു ഉത്തമ ഉദാഹരണമാണ് . അദ്ദേഹത്തിന്റെ രാഷ്ട്രീയജീവിതത്തിൽ പോലും സ്വന്തം ആവശ്യങ്ങൾക്കും ഈശ്വര ഭജനത്തിനും സമയം കണ്ടെത്തിയിരുന്നു. ഇന്നത്തെ രാഷ്ട്രീയ യുഗത്തിൽ സമയ സദുപയോഗത്തിനായി അനേകം മാധ്യമങ്ങളുണ്ട് . എന്നാൽ നാം സമയത്തെ കൂടുതൽ ദുരുപയോഗം ചെയ്യുകയാണ് പതിവ് .ഇപ്രകാരം സമയത്തെ ദുരുപയോഗപ്പെടുത്തുന്നതിനാൽ ജീവിതത്തിൽ സന്തോഷമില്ലാതായിത്തീരുന്നു. അതിനാൽ ജീവിതത്തിൽ സമയത്തെ നല്ലരീതിയിൽ വിനിയോഗിക്കേണ്ടതാണ് . സമയത്തെ നല്ലരീതിയിൽ വിനിയോഗിക്കുന്ന മാനവരിലൂടെ സമൂഹത്തിനും രാഷ്ട്രത്തിനും ഉയർച്ചയുണ്ടാകുന്നു. അതിനാൽ നാം അലസത

വെടിഞ്ഞ് സമയത്തെ സദുപയോഗം ചെയ്യുന്നത് ഒരു വ്രതമാക്കി മാറ്റേണ്ടതാണ് . ഇതിലൂടെ നമ്മുടെ ആത്മവിശ്വാസം വർദ്ധിക്കുകയും മനസ്സിന് ശാന്തി ലഭിക്കുകയും ആദർശങ്ങൾ പവിത്രമായിത്തീരുകയുംചെയ്യുന്നു. ഇപ്രകാരം ചെയ്യുന്ന മനുഷ്യന് ജീവിതത്തിൽ സുഖവും ശാന്തിയും ലഭിക്കുന്നു. നമ്മുടെ രാജ്യത്തിലെ മഹാപുരുഷന്മാരായ മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു , ഈശ്വർചന്ദ്ര വിദ്യാസാഗർ മുതലായവർ സമയത്തിന്റെ സദുപയോഗം അനിവാര്യമാണെന്ന് കരുതിയിരുന്നു. ഏതൊരു മനുഷ്യനാണോ സമയത്തെ നല്ല രീതിയിൽ വിനിയോഗിക്കുന്നത് അയാൾ പ്രതിഭാസമ്പന്നനായിത്തീരുന്നു.




ഇതിലൂടെ സമൂഹത്തിനും ദേശത്തിനും പുരോഗതിയുണ്ടാവും. പശ്ചാത്യരാജ്യങ്ങൾ സമയത്തിന്റെ മഹത്വത്തെ നല്ലവണ്ണം മനസ്സിലാക്കിയിട്ടുണ്ട്. അതിനാൽഅവർ ജീവിതത്തിന്റെ ഓരോ മേഖലയിലും പൂർണ്ണത നേടിയിട്ടുണ്ട് .



കവിത

MOUSOOFA ALI 9E

## എന്റെ ഉപ്പ

ഉപ്പയുടെ മുഖം
വരണ്ടുപോയിരിക്കുന്നു
പൊരിവെയിലിൽ
എന്നെ ഓർത്ത്
അധ്വാനിച്ച്
കരിവാളിച്ചിരിക്കുന്നു

കഷ്ടപെട്ട്
കളിപ്പാട്ടങ്ങൾ
വാങ്ങി തന്ന്
എന്നെ കഷ്ടപ്പെടാതെയും
ഉപ്പ നോകുന്നു

ഇഷ്ടമോടെ
എൻ കുടുംബത്തെ
ചേർത്ത്പിടിക്കുന്ന
പാവമാണ് എന്റെ ഉപ്പ

കഥ

# അമ്മക്കുരുവിയുടെ വീട്

RIFA T 9E

കാട്ടിൽ ഒരു വലിയ പുഴ ഉണ്ടായിരുന്നു. ഈ പുഴയിൽ ഒരു ആമ താമസിച്ചിരുന്നു. ഈ ആമ പുഴയിലും തീരത്തുമായി കളിച്ചുല്ലസിച്ചു കഴിഞ്ഞിരുന്നു. അങ്ങനെയിരിക്കെയാണ്. പുഴയുടെ തീരത്തുള്ള മരത്തിൽ ഒരു കുരുവി കൂട് ഉണ്ടാക്കുന്നത് അമ്മ കണ്ടത്. ഉണങ്ങിയ ചെറിയ കമ്പുകളും ഇലകളും നാരുകളും ഒക്കെ കൊണ്ട് അമ്മ കുരുവി ദിവസങ്ങൾ എടുത്തു തന്റെ കൂടെ നിർമ്മാണം പൂർത്തിയാക്കി. ആ വീട്ടിൽ താമസവും



തുടങ്ങി. അച്ഛൻ കുരുവിയും അമ്മ കുരുവിയും തൻറെ മൂന്ന് കുഞ്ഞു കുരുവികളുമായി ഒക്കെയായി അവർ ആ വീട്ടിൽ കഴിഞ്ഞു. അമ്മ കുരുവിയുമായി ആമ പെട്ടെന്ന് തന്നെ ചങ്ങാത്തത്തിലായി ദിവസവും പുഴക്കരയിൽ അവർ സംസാരിച്ചിരിക്കുമായിരുന്നു. ഒരു ദിവസം സംസാരത്തിനിടയിൽ ആ അമ്മക്കുരുവിയുടെ വീടിനെക്കുറിച്ച് പറഞ്ഞു.

"നിങ്ങൾക്ക് വീടുണ്ടാക്കാൻ എന്തൊരു ബുദ്ധിമുട്ടാണ്. കമ്പുകളും നാരുകളും ഇലകളും ഒക്കെ ശേഖരിക്കാൻ തന്നെ ദിവസങ്ങൾ വേണ്ടിവരുന്നു. ഇതെല്ലാം കഴിഞ്ഞ് വീടുണ്ടാക്കി കഴിയുമ്പോഴാ അത്



കാണാൻ ഒരു ഭംഗിയുമില്ല. മാത്രമല്ല മേൽക്കൂര ഒന്നുമില്ലാത്തതുകൊണ്ട് മഴപെയ്താൽ നനയുകയും ചെയ്യും. ഇതുകേട്ട അമ്മകുരുവി ചിരിച്ചു. എന്നാൽ ആമ വീണ്ടും പറഞ്ഞുകൊണ്ടിരുന്നു.

"എനിക്ക് നിങ്ങളെപ്പോലെ കൂടുണ്ടാക്കുകയും ഒന്നും വേണ്ട. എൻറെ പുറംതോട് തന്നെയാണ് എൻറെ കൂട്. മഴപെയ്യുമ്പോൾ ഞാനതിൽ അഭയം തേടും.

ഇതുകേട്ട അമ്മക്കുരുവി തൻറെ സുഹൃത്തായ ആമയോട് പറഞ്ഞു. "നീ പറഞ്ഞത് ശരിയാണ് ഞങ്ങൾ വളരെ ബുദ്ധിമുട്ടിയാണ് വീട് പണിയുന്നത്. മാത്രമല്ല എൻറെ വീട് കാണാൻ ഭംഗി ഇല്ലാത്തതുമാണ്. കൂടാതെ മഴ പെയ്യുമ്പോൾ നനയുകയും ചെയ്യും. പക്ഷേ വളരെ കഷ്ടപ്പെട്ട് ഉണ്ടാക്കിയ ഈ വീട്ടിൽ ഞാൻ മാത്രമല്ല താമസിക്കുന്നത്. ഞാനും എൻറെ കുഞ്ഞുങ്ങളും അവരുടെ അച്ഛനും എല്ലാവരും വളര സന്തോഷത്തോടെയാണ് താമസിക്കുന്നത് .നിൻറെ പുറംതോട് നിനക്ക് വീടുപോലെ അഭയം തരും പക്ഷേ അതിൽ നിനക്ക് മാത്രമേ കഴിയാൻ സാധിക്കൂ .ഒറ്റക്ക് ഒരു വീട്ടിൽ കഴിയുന്നതിനേക്കാൾ നല്ലതല്ലേ എല്ലാവരും ഒരുമിച്ചുള്ള വീട്ടിൽ സന്തോഷത്തോടെ കഴിയുന്നത്."അമ്മക്കുരുവി യുടെ മറുപടി കേട്ട ആമ ഒരു നിമിഷം ചിന്തിച്ചു. എന്നിട്ട് പറഞ്ഞു

"നീ പറഞ്ഞത് ശരിയാണ് എന്നോട് ക്ഷമിക്കൂ. ഒരു വലിയ വീടുണ്ടാക്കും എന്നതല്ല, ആ വീട് എല്ലാവർക്കും ഒരുമിച്ച് സന്തോഷത്തോടെ താമസിക്കാൻ കഴിയുന്നതാകുക എന്നതാണ് പ്രാധാന്യം." അങ്ങനെ ആമക്ക് വീടിനെ കുറിച്ചുള്ള തൻെറ തെറ്റിദ്ധാരണകൾ എല്ലാം മാറി. അമ്മ കുരുവിയും ആമയും നല്ല സുഹൃത്തുക്കളായി ഒരുപാട് കാലം അവിടെ കഴിഞ്ഞു.

കഥ

# പട്ടം പറത്തുന്ന കുട്ടി

RIDWA C 9F

ഒരിക്കൽ ഒരു കുട്ടി തന്റെ അച്ഛന്റെ കൂടെ പാർക്കിൽ പോയി. പല നിറങ്ങളിൽ ആകാശത്തിലൂടെ പറക്കുന്ന പട്ടങ്ങൾ കണ്ടപ്പോൾ മകൻ അച്ഛനോട് തനിക്കും ഒരു പട്ടം വാങ്ങി തരാമോ എന്ന് ചോദിച്ചു. അച്ഛൻ മകന് പട്ടം വാങ്ങി കൊടുത്തു. അവൻ ആ പട്ടം ഉയരങ്ങളിലേക്ക് പറത്തി കളിച്ചു. കുറച്ച് കഴിഞ്ഞപ്പോൾ കുട്ടി അച്ഛനോട് ചെന്ന് പറഞ്ഞു: അച്ഛാ ഈ നൂല് ഇല്ലായിരുന്നുവെങ്കിൽ ഈ പട്ടം കൂടുതൽ ഉയരത്തിൽ പറന്നേനെ അതുകൊണ്ട് ഞാൻ ഇതിന്റെ നൂൽ പൊട്ടിക്കും. അച്ഛന്റെ മറുപടി കേൾക്കാൻ പോലും തയ്യാറാക്കാതെ അവൻ ആ പട്ടത്തിന്റെ നൂല് പൊട്ടിച്ചു. അവൻ വിചാരിച്ചത് പോലെ തന്നെ അത് കൂടുതൽ ഉയരത്തിൽ പറന്നു. അവൻ അത് കണ്ടപ്പോൾ ഒരുപാട് സന്തോഷിച്ചു.



പക്ഷെ കുറച്ച് സമയം കഴിഞ്ഞപ്പോൾ അത് ഒരു കെട്ടിടത്തിന്റെ മുകളിലേക്ക് പതിയെ വീണു പോയി. അവൻ തന്റെ അച്ഛനോട് പോയി ചോദിച്ചു: അച്ഛാ ഞാൻ കരുതിയത് നൂല് പൊട്ടിച്ചാൽ പട്ടം സ്വതന്ത്രമായി കൂടുതൽ ഉയരത്തിൽ പറക്കും എന്നാണ് പക്ഷെ അതെങ്ങനെയാണ് താഴെ വീണത്?? അപ്പോൾ അച്ഛൻ അവനോട് പറഞ്ഞു: നിന്റെ പട്ടം കാറ്റിനെ മറികടന്ന് ഉയരത്തിൽ പറന്നത് അതിന് നൂലിന്റെ പിന്തുണ ഉള്ളത് കൊണ്ടാണ്. നീ ആ നൂല് പൊട്ടിച്ചപ്പോൾ അതിന്റെ പിന്തുണ നഷ്ടപ്പെട്ടു."ഈ പട്ടം പോലെ തന്നെയാണ് നമ്മുടെ ജീവിതവും നമ്മുടെ മാതാപിതാക്കളും കൂട്ടുക്കാരും ഒക്കെ പിന്തുണ ചെയ്യുന്നത് കൊണ്ടാണ് നാം ഉയരങ്ങളിൽ എത്തിച്ചേരുന്നത് "

കവിത

# മുന്നോട്ട്

FAJAR MOHAMMED
9C

ഇരുളിനെ നീക്കി
പ്രകാശം പരത്തിടാം
ചിറകുകൾ വീശി
പറന്നുയർന്നീടാം
തളരാതെ ഉയരങ്ങൾ
ഇനിയും താണ്ടിയിടാം
കരുത്താർജിക്കാം
കാലത്തെ അതിജീവിച്ചിടാം
സ്നേഹത്തിൻ മാമ്പൂക്കൾ വിടർന്നിടാം
തണലായി തുണയായി
കൂടെ നിന്നിടാം
കരുണക്കായി കൈകോർക്കാം
ഒന്നായി നിന്നിടാം മുന്നോട്ട് പോയിടാം



കഥ

# അപ്പുവിന്റെ സ്വപ്നം

ഫാത്തിമ റന പി 9C



പാവം അപ്പു. അവന് കിടന്നുറങ്ങുവാൻ നല്ലൊരു വീടില്ല. വഴിയരികിൽ പഴന്തുണി കൊണ്ടും ചാക്കു കൊണ്ടും മറച്ച വീട്ടിലാണ് അപ്പുവും അമ്മയും താമസിക്കുന്നത്. ഉറങ്ങാൻ കിടക്കുമ്പോൾ അപ്പു എന്നും വീടിനെക്കുറിച്ചോർക്കും. എനിക്ക് എന്നാണ് നല്ലൊരു വീടുണ്ടാവുക...? ഒരു ദിവസം ഉറക്കത്തിൽ അപ്പു ഒരു സുന്ദരമായ വീട് ഉണ്ടാക്കുന്ന സ്വപ്നം കണ്ടു. അപ്പു കുഴിക്കുത്തി കാൽനടുന്നത് കണ്ട് അതുവഴി വന്ന കുഞ്ഞിക്കിളി കളിയാക്കിച്ചിരിച്ചു അവൾ പറഞ്ഞു: "അപ്പു... വീടുണ്ടാക്കുന്നതിങ്ങനെയല്ല, വീടുണ്ടാക്കാൻ കല്ലുവേണം , തറ കെട്ടാൻ . കരിങ്കല്ലു വേണം. " അതെവിടെ നിന്നും കിട്ടും?"അപ്പുവിന് സംശയമായി. "മഞ്ചാടി കാട്ടിലെ മാമലയോട് ചോദിച്ചാൽ ചെങ്കല്ല് കിട്ടും ". കുഞ്ഞിക്കിളിയുടെ വാക്കുകേട്ട് അപ്പു രണ്ട് പേരോടും കല്ലു ചോദിച്ചു. അവർ കരിങ്കല്ലും ചെങ്കല്ലും കൊടുത്തു. അപ്പു അതെല്ലാം കൂട്ടി വെച്ച് വീടുണ്ടാക്കി പെട്ടന്ന് അവൻ സ്വപ്നത്തിൽ നിന്നും എണീറ്റു . പിന്നീട് കുറച്ച് കാലത്തിന് ശേഷം സ്വപ്നം കണ്ട പോലെ ഒരു വീട് ഉണ്ടാക്കി. അപ്പുവും അമ്മയും അതിൽ സന്തോഷമായി ജീവിച്ചു

കവിത

NASHWA K- 9C

## ബാല്യം

മഴ പെയ്ത നേരത്തും
മധുരമാം ഓർമ്മകൾ
തന്നതല്ലേ..

ബാല്യത്തിനോർമ്മകൾ
ആടിത്തിമിർക്കുന്നു
അഴകുള്ള പൂവാടി
തിരയുന്നു ഞാൻ



കഥ

# നായയുടെ യജമാന സ്നേഹം

HAFIS MOHAMMED 10E

ഇബ്നു ജൗസി [റ] പറഞ്ഞ കഥയാണിത് . അർമേനിയയിലെ ഒരു വഴിയിലൂടെ നടന്ന് പോവുമ്പോൾ വഴിയരികിൽ ഒരു ശവകുടിരം കണ്ടു.അതിന്റെ തലഭാഗത്ത് ഒരു ബോർഡും കാണാനിടയായി. ബോർഡിൽ ഏവരേയും ആകർഷിപ്പിക്കുന്ന രീതിയിൽ ഇങ്ങനെ എഴുതിവച്ചിരിക്കുന്നു." ഇതൊരു അസാധാരണ ബഹുമതി ലഭിച്ച മാതൃക നായയുടെ ശവകുടീരമാണ് . ഈ നായയുടെ ചരിത്രമറിയണമെങ്കിൽ തൊട്ടടുത്ത വീട്ടിൽ നൂറു വയസ്സു പിന്നിട്ട ഒരു വയോവൃദ്ധനുണ്ട് . അദ്ദേഹത്തോട് അന്വേഷിക്കുക. വയോവൃദ്ധൻ നായയുടെ കഥ പറഞ്ഞു-ഇങ്ങനെ: വർഷങ്ങൾക്കു മുമ്പ് രാജ്യം ഭരിച്ചിരുന്ന രാജാവ് വേട്ടയാടുന്നതിൽ വലിയകമ്പക്കാരനായിരുന്നു.അദ്ദേഹത്തിന് വളരെ ഇഷ്ട്ടമുള്ള ഒരു നായ ഉണ്ടായിരുന്നു.അത്എപ്പോഴും അദ്ദേഹത്തോടൊപ്പംഉണ്ടാകും.തന്റെ യജമാനനെ നായനന്നായി സ്നേഹിച്ചിരുന്നു. ഒരു ദിവസം ഒരു ചെമ്പ് പാത്രത്തിൽ രാജാവിനും പരിവാരങ്ങൾക്കും കുടിക്കാനായി കൊട്ടാരത്തിലെ ഊട്ടുപുരയിൽ പാൽ കാച്ചി.ചെമ്പ് അടച്ച് വെക്കാതെ





പാചകക്കാരൻ എന്തോ ആവശ്യത്തിന് പുറത്ത് പോയി.തദവസരം ഉഗ്രവിഷമുള്ള ഒരു സർപ്പം പാലിലേക്ക് വിഷം ചീറ്റി. രാജാവിന്റെ നായ അടുത്ത് നിന്ന് അത് കാണുന്നുണ്ടായിരുന്നു എങ്കിലും പാമ്പിനെ പിന്തിരിപ്പിക്കാൻ നായക്ക് കഴിഞ്ഞില്ല.നായയുടെ തൊട്ടടുത്ത് രാജാവിന്റെ ബധിരനും മൂകനുമായ മകനും ഈ ദൃശ്യം കാണുന്നുണ്ടായിരുന്നു. അല്പനേരം കഴിഞ്ഞ് രാജാവും പരിവാരങ്ങളും എത്തി. അവർക്ക് പാൽ വിതരണം ചെയ്യുന്നതിന്റെ മുന്നോടിയായി ആദ്യം രാജാവിന് വിളമ്പി.ഇത് കണ്ട് നായ നിർത്താതെ കുരക്കാനും മോങ്ങാനും തുടങ്ങി.ബധിരനായ പുത്രൻ പല രീതിയിലും ആംഗ്യചേഷ്ടങ്ങൾ കാണിച്ചു.എന്തോ പന്തികേടുണ്ടെന്ന് രാജാവിന് തോന്നിയെങ്കിലും അദ്ദേഹത്തിന് കാര്യമൊന്നും മനസ്സിലായില്ല.ഏതായാലും രാജാവ് പാൽ കുടിക്കാൻ പാത്രം എടുത്തു.യജമാന സ്നേഹമുള്ള ഈ ജീവി പാലിലേക്ക് ഒറ്റച്ചാട്ടം! തുടർന്ന് പാലിലേക്ക് നാവ് നീട്ടി അല്പം കുടിക്കുകയും ചെയ്തു. പാൽ കുടിച്ചിറക്കിയ നായ തൽക്ഷണം ചത്തു മലച്ചു! അതിന്റെ ശരീരത്തിലെ മാംസങ്ങളെല്ലാം ഉതിർന്നു വീഴുകയും ചെയ്തു. രാജാവിനും രാജ്യത്തിനും വേണ്ടി ജീവത്യാഗം ചെയ്ത ഈ നായയെ ദേശീയ ബഹുമതിയോടെ സംസ്കരിക്കുകയും തൊട്ടരികെ പ്രസിതുത ബോർഡ് സ്ഥാപിക്കുകയും ചെയ്തു.

കവിത

MOHAMMED RASHAD KK
10E

# പ്രകൃതി പാടുന്നു







ഇളംതെന്നലായ്
പൂവിനെ മുത്തമിടും
മേടക്കാറ്റിനും പറയുവാനേറെ
ആടിമാസത്തിൽ
പൂക്കളെ സ്നാനപ്പെടുത്തും
മാരിമുകിലിനും പറയുവാനേറെ
പുലരിക്കിഴക്ക് വിളക്ക് തെളിക്കും
സൂര്യമാതാവിനും പറയുവാനേറെ
മണ്ണിൽ വസന്തങ്ങൾ തീർക്കും
പ്രകൃതിതൻ മക്കളിലനുമായം പൂക്കൾ
സൂര്യതേജസ്സോടെ വിടർന്നു ചിരിച്ച്
പാടിവീഴുന്നിതാ മണ്ണിൽ !
മാത്രകൾ മാത്രമാണെങ്കിലും
പൂവിന്റെ ജന്മം
വശ്യസുഗന്ധത്താൽ
പുഞ്ചിരിതൂകി
വർണ്ണാഭം തീർക്കുന്നു
പ്രകൃതിക്കുമേൽ
കളം പാടുന്ന പുഴകളും പൂക്കളും
കനിവൂറി നിൽക്കുമീ
വൃക്ഷങ്ങൾന്ന പുഴകളും പൂക്കളും
ഭംഗി തീർക്കുമി പ്രകൃതി മാതാവിനെ
അറിയുവാൻ കൊതിതീരെ
ആസ്വദിച്ചിടുവാൻ
തരുമോ എനിക്കൊരു ജന്മം കൂടി !



കഥ

# ഒരു പെൺകുട്ടി

LUBAIBA KM 9D

ഒരു പെൺകുട്ടി വീട്ടുജോലിക്ക് പോകുകയായിരുന്നു.ജോലിക്ക് പോയ അവളെ എല്ലാവരും കളിയാക്കി.അവൾ ഒരു മരച്ചുവട്ടിൽ ഇരുന്ന് തേങ്ങി കരഞ്ഞു.അപ്പോൾ അവളുടെ കരച്ചിൽ കേട്ട് പെട്ടെന്ന് ഒരു ദേവത അവളുടെ മുമ്പിൽ



പ്രത്യക്ഷപ്പെട്ടു. എന്നിട്ട് അവളോട് ചോദിച്ചു " എന്തിനാണ് മകൾ കരയുന്നത്? " അവൾ പറഞ്ഞു:" സുന്ദരിയല്ല എല്ലാവരും എന്നെ കളിയാക്കുന്നു". എന്ന് പറഞ്ഞുകൊണ്ട് അവൾ വീണ്ടും കരയാൻ തുടങ്ങി.അപ്പോൾ ദേവത പറഞ്ഞു:
"മകൾ കരയേണ്ട, ആളുകൾ കളിയാക്കാതിരിക്കാൻ ഒരു സൂത്രം ഞാൻ പറഞ്ഞു തരാം" എന്ന് പറഞ്ഞ്
കയ്യിലുണ്ടായിരുന്ന മാന്ത്രിക വടിയെടുത്ത് ദേവത ഒരു മന്ത്രം ചൊല്ലി അപ്പോൾ ദേവതയുടെ കയ്യിൽ ഒരു മാന്ത്രിക മുഖം മൂടി പ്രത്യക്ഷപ്പെട്ടു. അവൾ അത് മുഖത്തിട്ടു. അവൾ പെട്ടെന്ന് അവൾക്ക് താൻ സുന്ദരിയാണന്ന് തോന്നി .ഒത്തിരി സന്തോഷമായി. ദേവത അവൾക്ക് ഒരു നിർദ്ദേശം കൂടി നൽകി. നീ മാത്രമേ ഉപയോഗിക്കാൻ പാടുള്ളു മറ്റൊരാൾക്ക് കൈമാറരുത്. അവൾ



അത് സമ്മതിച്ചു കൊണ്ട് തലയാട്ടി. എന്നിട്ട് മുഖം മൂടി കയ്യിൽ എടുത്തു കൊണ്ട് അവൾ പറഞ്ഞു: നന്ദി! ദേവതേ,.സൗന്ദര്യം നമ്മുടെ മനസ്സിലാണ് തോന്നേണ്ടത്.
നമ്മൾക്കാണ് നമ്മൾ ആദ്യം സുന്ദരിയായി തോന്നേണ്ടത്.അങ്ങനെ തോന്നാനാണ് ഈ മുഖമൂടി . ദേവത പറഞ്ഞു.
പിന്നീട് അവൾ ഒരിക്കലും വിഷമിച്ചില്ല.

കവിത

## പൊൻ പ്രഭാതം.

BARZA TT -9F

സൂര്യകിരണങ്ങൾ താഴേക്കിറങ്ങി.....
ഇളം വെയിൽ നമ്മെ തൊട്ടു തലോടി....
അമ്മതൻ തൊട്ടുതലോടലും..
കിളികൾതൻ കളകളാരവം .....
പൂക്കളിൽ പൂതേൻ തളിർത്തിറങ്ങി....
പക്ഷികൾ അവരുടെ വേലക്കിറങ്ങി.....
ചുടുകല്ലിനെപ്പോൽ സൂര്യൻ ഉദിച്ചിറങ്ങി.....
പൊൻവെയിൽ പൂക്കളെ മാടി വിളിച്ചു....
സൂര്യകിരണങ്ങൾ മരങ്ങളിൽ തൊട്ടു.............
ഒരു നല്ല ദിനമീ പൊൻ പ്രഭാതം.



കഥ

# ഒരു മഴക്കാലം

MOHAMMED SHANIL P
9A

അന്നും രാവിലെ പൂവൻകോഴി കൂവിയതു കേട്ട്, സൂര്യൻ പേടിച്ച് ഭൂമിയിലേക്ക് എത്തി നോക്കിയപ്പോൾ സംഗതി സുപ്രഭാതം! പിന്നെയും സമയം ഇഴഞ്ഞുനീങ്ങി. സൂര്യനെ വായിനോക്കി ചുറ്റിത്തിരിഞ്ഞ് ഭൂമിയുടെ തലതിരിഞ്ഞ് ഉച്ചയായി.

"ണ്‌റീം..ൺ...ഡ്രീം.."

പോസ്റ്റ്മാൻ സൈക്കിൾ ശബ്ദം മുഴക്കിയപ്പോൾ ബെന്നിച്ചൻ മൂക്കറ്റം തട്ടിയ ശേഷമുള്ള ഉച്ചമയക്കത്തിലായിരുന്നു. അവൻ പെട്ടെന്ന് എണീറ്റ് മുണ്ടുകുത്തി മുറ്റത്തേക്ക് വച്ചുപിടിച്ച് ഒരു രജിസ്റ്റേർഡ് കവർ കൈപ്പറ്റുകയും ചെയ്തു. 'ഓൺ ഐ.ജി.എസ്' എന്ന് പ്രിന്റ് ചെയ്ത കവർ തുറക്കുന്നതിനു മുൻപുതന്നെ ബെന്നിച്ചനു കാര്യം പിടികിട്ടിയിരുന്നു. പി.എസ്.സി പരീക്ഷാ ഹാൾ ടിക്കറ്റ്! പക്ഷേ, അവൻ അതു വായിച്ച് കണ്ണു മിഴിച്ചു.



ഇത് ഏതു പോസ്റ്റാണ്? "

"ഞാൻ ഇങ്ങനെയൊരെണ്ണം അയച്ചിരുന്നോ?"

"ഏതു കാലത്ത്?"

"സർക്കാരു കാര്യം എന്നു നേരെയാകാനാ? നാലഞ്ച് കൊല്ലം ഇതൊക്കെ ആരാണ് ഓർത്തു വയ്ക്കുന്നത്?"

പത്താംതരം വിജയമായിരുന്നു ആ ജോലിയുടെ ഏക യോഗ്യത. അക്കാലത്ത് പഠിക്കാത്ത ഏതൊരു ഉദ്യോഗാർഥിയുടെയും ആത്മഗതം പോലൊന്ന് അവിടെയും നെടുവീർപ്പിട്ടു -

"ങാ... ഇതൊക്കെ തലേവരയുള്ളവനു കിട്ടും. അല്ലെങ്കിൽ തിരുവനന്തപുരത്ത് പിടി വേണം"

അടുത്ത ശനിയാഴ്ച കോട്ടയം ജില്ലയുടെ

വാലറ്റത്തുള്ള വൈക്കത്തേക്കു യാത്രയായി. അവിടെ രാവിലെയാണ് പരീക്ഷ അഥവാ ഭാഗ്യപരീക്ഷണം നടത്താൻ പോകുന്നത്. ഹാൾടിക്കറ്റിൽ സർക്കാർവക സ്കൂളിന്റെ പേര് സീൽ അടിച്ചിരുന്ന നീലമഷി കുറച്ചു കൂടിപ്പോയതിനാൽ അതു പടർന്നു വ്യക്തമല്ലായിരുന്നു. അതിനു മുൻപ്, വൈക്കം വഴിയുള്ള എറണാകുളം ബസിൽ പോയ പരിചയം മാത്രം. അതിനാൽ, ബസിറങ്ങി ഗവ. സ്കൂൾ അന്വേഷിച്ച് പടിഞ്ഞാറുദിക്കിലേക്കു നടന്നു. ആ സ്കൂളിന്റെ വരാന്തയിലെ ബോർഡിൽ ഒട്ടിച്ചിരുന്ന പേരുകളിൽ ബെന്നിച്ചൻ ശൂന്യം.

വൈക്കത്തുതന്നെയുള്ള മറ്റൊരു ദിക്കിലേക്ക് ഒരാൾ വിരൽ ചൂണ്ടിയ പ്രകാരം പിന്നെയും അവൻ വഴികൾ ചോദിച്ചു ചോദിച്ചു നടന്നുപോയി. എല്ലാം ചെറിയ ചെറിയ വഴികൾ. മഴക്കാറ് കയറിയതിനാൽ ഉടൻ മഴയ്ക്കു സാധ്യതയുണ്ട്. റോഡരികിൽ ചെളിയുടെ ശല്യവുമുണ്ട്. കയ്യിൽ കുടയുണ്ടെങ്കിലും മഴയ്ക്കു മുൻപേ സ്കൂളിൽ എത്തുന്നതായിരിക്കും ബുദ്ധി. അവൻ നടപ്പിന്റെയും ഓട്ടത്തിന്റെയും ഇടയിലുള്ള അവസ്ഥയിലെത്തി. അടുത്ത ഗവ. സ്കൂളിലെത്തിയപ്പോൾ പട്ടിയണയ്ക്കുന്ന പ്രകൃതമായിരുന്നു അവന്റേത്. നാക്ക് വെളിയിലല്ലെന്നു മാത്രം! മുറിയൊക്കെ കണ്ടുപിടിച്ച് അതിനുള്ളിൽ ഓടിക്കയറി. അവസാന നിമിഷവും ഗൈഡുകളിൽ മുഖം പൂഴ്ത്തിയിരിക്കുന്ന ആളുകളെ കണ്ടപ്പോൾ താനെത്ര സ്വതന്ത്രനാണെന്ന് ബെന്നിച്ചൻ സ്വയം അഭിമാനിച്ചു. ജൂലൈ മാസമാകയാൽ തന്റെ കയ്യിൽ ഒരു കുടയുടെ ബാധ്യത മാത്രമേയുള്ളൂ. ചുറ്റുപാടൊക്കെ ഒന്നു നിരീക്ഷിച്ചു. വിരൂപവും അംഗവൈകല്യവും ചൊറിയും കുഴിയും അശ്ലീലവും നിറഞ്ഞ ഡസ്കുകൾ!

എപ്പോൾ വേണമെങ്കിലും താഴെ വീഴാവുന്ന മുക്കാലിയിൽ നിൽക്കുന്ന ബ്ളാക്ക് ബോർഡിൽ തലേ ദിവസത്തെ ചരിത്രമെല്ലാമുണ്ട്. മുറിയിൽ ഫാൻ, ബൾബ് ഇല്ല. ജനാലകൾ വിജാഗിരി പിണങ്ങി നിൽക്കുന്ന ഹൈ-ടെക് തരമാകയാൽ അത് സ്ഥിരമായി മലർക്കെ തുറന്ന് കിടക്കുന്ന ഇനമാണ്. പെട്ടെന്ന്, മഴക്കാറ് മാനത്ത് കറുത്ത്



ഉരുണ്ടു കൂടി. പരീക്ഷയ്ക്കുള്ളത് പൂരിപ്പിക്കാൻ തുടങ്ങിയപ്പോൾ മുറിയാകെ ഇരുട്ടു നിറഞ്ഞു. ഉടൻതന്നെ, മഴയും കാറ്റും ചീറിയടിച്ചു വന്നു. കിഴക്കു വശത്തെ ഒരു ജനാല ഭാഗികമായി അടച്ചു. ഒരെണ്ണത്തിന്റെ ഒരു പാളി അടയ്ക്കാൻ ഒട്ടും പറ്റിയില്ല. ഇവിടെ, മേൽക്കൂരയിലെ പഴഞ്ചൻ ഓടുകളെയും പ്രതിസ്ഥാനത്ത് ചേർക്കണം! പിന്നത്തെ കാഴ്ചകൾ ബെന്നിച്ചന് രസാവഹമായിരുന്നു. കിഴക്കുവശത്തെ ഡസ്കുകൾ നിലത്തുരച്ച് പടിഞ്ഞാറോട്ടു നടന്നു നീങ്ങി. കാരണം, പടിഞ്ഞാറ് വരാന്തയുള്ളതിനാൽ എറിച്ചിൽ അടിക്കില്ല. പരീക്ഷയ്ക്കു വന്ന സാർ നല്ലൊരു മനുഷ്യനായതിനാൽ പരമാവധി പരീക്ഷക്കുട്ടികളുടെ വിഷമങ്ങൾ കുറയ്ക്കാൻ

ശ്രമിച്ചുകൊണ്ടിരുന്നു. ചോദ്യങ്ങൾ ശരിക്കു വായിക്കാൻ പറ്റാതെ വാതിലിന്റെ നേരെ ചിലർ ക്വസ്റ്റ്യൻ പേപ്പർ പൊക്കിപ്പിടിച്ചു. മഴവെള്ളം തുമ്മിത്തെറിച്ചപ്പോൾ കയ്യിലിരുന്ന തൂവാല കൊണ്ട് പലരും ഉത്തരക്കടലാസിൻറെ കണ്ണീർ യഥാസമയം ഒപ്പിയെടുത്തുകൊണ്ടിരുന്നു. ഈ വക അലോസരങ്ങൾക്കിടയിൽ കുബുദ്ധികൾ സുഖമായി അയൽപക്കത്തെ ഉത്തരങ്ങളിലേക്ക് എത്തിനോക്കി സായൂജ്യമടഞ്ഞു. ചോദ്യങ്ങൾ വായിക്കാൻ കൂടുതൽ സമയമെടുക്കുന്നതിനാൽ മിടുക്കരുടെ വില പിടിച്ച സമയം നഷ്ടപ്പെട്ടു. അതായത്,

നിമിഷങ്ങൾക്ക് ഒരു ജോലിയുടെ വിലതന്നെ വരുന്ന അപാരത! ഏതാണ്ട്, അരമുക്കാൽ മണിക്കൂർ മഴ സ്കോർ ചെയ്തപ്പോൾ പഠിച്ചിട്ടു വന്ന ഉദ്യോഗാർഥികൾ ആ മഴയത്തെ അഭയാർഥികളായി മാറി. പ്രകൃതി ശല്യം ചെയ്ത പരീക്ഷയുടെ അവസാന സമയത്ത് സാർ ആരോടെന്നില്ലാതെ പറഞ്ഞു -
"ഈ പിള്ളേരുടെ ഒരു ഭാഗ്യക്കേട്, അല്ലാണ്ടെന്താ?"
അതേസമയം, പരീക്ഷ കഴിഞ്ഞിറങ്ങിയ പ്രായം മുപ്പതു കഴിഞ്ഞെന്നു തോന്നിക്കുന്ന സ്ത്രീ കണ്ണീർ തുടയ്ക്കുന്നതും ബെന്നിച്ചൻ കണ്ടു.

അന്നേരം, അവൻ അടക്കംപറഞ്ഞു -

" ഹൊ! എന്റെ ഒരു ഭാഗ്യം! ഞാൻ പഠിച്ചിട്ടു വന്നാൽ ഇതുപോലെ വിഷമിച്ചേനേ!"

# സ്വപ്നം

കവിത

SHAFNA SHERIN 10C

ഒരു സ്വപ്നം
ജനിക്കുന്നത്
ഒരായിരം സ്വപ്നങ്ങൾ
വീഴുമ്പോളാണ്
എങ്കിലും

ആ ഒന്നുമായി
വീണ്ടും
പറക്കും
വീണു പോകാനില്ല
ഞാനെന്ന
സ്വപ്നമാദ്യം
കണ്ടതിനാൽ

കഥ

FATHIMA SHAHANA N 10E

# ആപത്ത് വന്നപ്പോൾ



കച്ചവടക്കാരായ ഹരിയും രവിയു ംഅടുത്തടുത്ത ദേശങ്ങളിൽ താമസിക്കുന്നവരായിരുന്നു . ചന്തയിൽ വെച്ച് പലപ്പോഴും കണ്ടു സംസാരിക്കാറുണ്ടായിരുന്നുവെങ്കിലും രണ്ടുപേരും തമ്മിൽ വലിയ അടുപ്പമൊന്നുമുണ്ടായിരുന്നില്ല .ഒരിക്കൽ



രണ്ടാളും കച്ചവടമെല്ലാം കഴി ഞ്ഞ് തിരിച്ചു വരികയായിരുന്നു . ഒരു കാടു കടന്നു വേണം നാട്ടിലെത്താൻ വൈകുന്നേരമായതിനാൽ രണ്ടാൾക്കും കുറച്ചു ഭയമുണ്ട് .

" സന്ധ്യ കഴിഞ്ഞാൽ ഈ കാട്ടിലൂടെ നടക്കുന്നത് അപകടകരമാണ് . ഇരുട്ടുന്നതിനുമുമ്പ് കാടുകടക്കണം" . ഹരി പറഞ്ഞു ."

അറിയാം .കവർച്ചക്കാരുംകടുവയുമെല്ലാം ഉണ്ടെന്നുകേട്ടിട്ടുണ്ട് " .രവി പറഞ്ഞു ." സ്വയം രക്ഷക്കായി എന്തെങ്കിലും ആയുധം നീ കരുതിയിട്ടുണ്ടോ എന്റെ ഈ വാളുപോലെ ?" ഹരി വാൾ കാണിച്ചു കൊണ്ട് ചോദിച്ചു .

" ആയുധ വിദ്യയൊന്നും എനിക്ക് വശമില്ല ചങ്ങാതീ ... എന്റെ പക്കലാകെയുള്ളത് ഈ പേന മാത്രമാണ് ."" കൊള്ളാം . കൊള്ളക്കാർ വന്നാൽ കവിതയെഴുതികൊടുത്ത് രക്ഷപ്പെട്ടോളൂ ....

ഹഹ ... ഹ ... ഹ ... അല്ല പിന്നെ ..."ഹരി പരിഹാസത്തോടെ പറഞ്ഞു .

അവർ നടന്നു നടന്ന് ഏതാണ്ട് കാടിന്റെ മധ്യത്തിലെത്തി . ഹരി സ്വയം രക്ഷക്കായി വാൾ മുറുകെപ്പിടിച്ചു .പെട്ടെന്നായിരുന്നു ആയുധ ധാരികളായ ഒരു കൂട്ടം കവർച്ചക്കാർ അവരെ വളഞ്ഞത് .

സംഗതി എന്താണെന്ന് മനസ്സിലാവുന്നതിനു മുന്നേതന്നെ രവിയെ അവർ പിടിച്ചു കെട്ടിയിരുന്നു .

രവിയെ രക്ഷിക്കുവാനായി ഹരി ചാടി വീണു . പക്ഷേ അക്രമിക്കൂട്ടത്തിൽ നിന്നു രവിയെ രക്ഷിക്കാൻ



ഹരിക്കായില്ല .കൊള്ളക്കാർ പിടിച്ചുകെട്ടുമ്പോൾ രവിയെക്കാൾ പരിക്ക് ഹരിക്കായിരുന്നു താനും .അവരുടെഭാണ്ഡക്കെട്ടിലുള്ള പണമത്രയും കവർച്ചക്കാർകവെർന്നെടിത്തു .എന്നിട്ടവരെ കാട്ടിലുപേക്ഷിച്ചു പോയി .ഹരി ആകെ തളർന്നു പോയി . രവിയാകട്ടെ ഹരിയെ സമാശ്വസിപ്പിച്ചു കൊണ്ട് പറഞ്ഞു . " ചങ്ങാതീ പേടിക്കാതിരിക്കൂ രക്ഷപ്പെടാൻ ഞാനൊരു വഴിയുണ്ടാക്കാം . താങ്കൾ ഈ മരത്തിലുള്ള പ്രാവുകളിൽ നാലഞ്ചെണ്ണത്തിനെ പിടിക്കൂ ...”" എന്തിന് ?” ഹരി ചോദിച്ചു .

' ഒരു സൂത്രമുണ്ട് ' എന്നു പറഞ്ഞ് രവി വലിയ ഉണക്കയിലകളെടുത്ത് ഓരോന്നിലും തന്റെ പേനകൊണ്ട് തങ്ങൾക്ക് വന്നു പെട്ട ദുരന്തവും സസ്തലവും എഴുതി . ഹരിപിടിച്ചുകൊണ്ടുവന്ന പ്രാവുകളുടെ കാലുകളിൽ അവ കെട്ടി പറത്തി വിട്ടു . കാലികളിൽ ഇലകൾ കെട്ടിത്തൂക്കപ്പെട്ട് പ്രാവുകൾ വിറളി പിടിച്ച് പല വഴി പറന്നു . നാട്ടിലെ ക്രമസമാധാന പാലനത്തിനായി റോന്തുചുറ്റുകയായിരുന്ന ഭടൻമാരിൽ ചിലർ ഈ പ്രാവുകളെ കണ്ട് പിടികൂടി രാജാവിനെ അറിയിച്ചു . രാജാവ് ഉടനെ പട്ടാളക്കാരെ വിട്ട് ഹരിയെയും രവിയെയും കാട്ടിൽ നിന്ന് കണ്ടെത്തി .

രവിയിൽ നിന്നും കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കായ രാജാവ് ആരാത്രി തന്നെ കവർ ച്ചക്കാരെപിടിച്ചുകെട്ടി . അപകടഘട്ടത്തിലും പക്വതയോടെ പെരുമാറി അപകട വിവരം അറിയിച്ച് സുഹ്രത്തിനെ രക്ഷിക്കുകയും കവർച്ചക്കാരെ പിടികൂടാൻ വഴിയൊരുക്കുകയും ചെയ്ത രവിക്ക് പാരിദോഷികമായി കൊട്ടാരത്തിൽ രാജാവിന്റെ ഉപദേശകനായി ജോലി ലഭിച്ചു . സധൈര്യഅക്രമികള്ക്കെതിരെ പോരാടിയതിനാൽ ഹരിക്ക് സൈന്യത്തിലും ജോലി ലഭിച്ചു .



# ..............ജീവിതം.........

MOHAMMED NISHAN K 9F

സ്വന്തം ജീവിതം എങ്ങനെ ജീവിക്കണം
എന്ന് ചിന്തിച്ച് ജീവിക്കുവാൻഎല്ലാവക്കും
അവകാശമുണ്ട്.അതിനൽ
അതിലെ നല്ലതും ചീത്തയു
മായഅനുഭവങ്ങൾസ്വീകാരികുവാൻ
അവൻ ബാധ്യസ്ഥനുമാണ്.കർമം
ചെയുവാനുള്ള അധികാരി
താൻ ആണെങ്കിൽ കർമ
ഫലത്തിനുള്ള അധികാരി
യും ഞാൻ തന്നെ.
അധികാരിയാകുംതോറും
ധിക്കാരിയായി മാറും
അതാണ് ജീവിതം



കഥ

# രണ്ടു പെൺകുട്ടികൾ

SAFA THASNEEM M
10D

ആകാശത്ത് മിന്നാമിനുങ്ങുകൾ അവ ഒന്നിച്ച് മിന്നി പറക്കുന്നത് കണ്ട് റിഷാന ഇരുന്നു. അവൾ ഒന്നു ഓർത്ത്പോഴി. ഈ രണ്ട് മിന്നാമിനുങ്ങുകൾ ഞാനും എന്റെ സഫയും ആയിരുന്നു എങ്കിൽ.... സൗഹൃദത്തിന്റെ ലോകത്ത് സുഖമായി ജീവിക്കാമായിരുന്നു . പെട്ടന്ന് അവളുടെ മനസ്സിൽ ഒരു ചുഴലി കാറ്റ് പോലെ റിഷാനയുടെ മനസ്സിൽ സഫയെപറ്റിയുള്ള ചിന്തകൾ കടന്നു വന്നു. കണ്ണീർ ചാലിട്ടൊഴുകി.
വയ്യ! ഇനി സഫയെപറ്റി ഓർക്കാൻ വയ്യ. അവൾ തലയിണയിൽ മുഖമമർത്തി പൊട്ടി പൊട്ടി കരഞ്ഞു.ഇന്ന് രാവിലെ നടന്ന സംഭവം അവളുടെ കണ്ണു നീർചാലിനു ശക്തി കൂട്ടി. ഇന്ന് തന്നെ വിളിക്കാൻവന്ന സഫയോട് എന്തിനാ ഉമ്മ ശകാരിച്ചത് ...അവളൊട് ഞാൻ എന്ത് പറയും? ഓരൊന്ന് ആലോചിച്ചു കൊണ്ട് അവൾ കിടന്നു. ഉറക്കം അവളെ വേട്ടയാടാൻ തുടങ്ങി. ട്രീം... ട്രീം...അലാറത്തിന്റെശബ്ദം കേട്ട് അവൾ ഉണർന്നു സമയം 5 മണി.അവൾ പുതപ്പ് മാറ്റി. ഹാ നല്ല തണുപ്പ് ! ഒന്നും കൂടി കിന്നാലോ?വേണ്ട, ഇനി കിടന്നാൽ ഉറങ്ങും. അവൾ വീട്ടിൽ അങ്ങും ഇങ്ങും നടന്നു . ഇനിയും വീട്ടിൽ ആരും എഴുന്നേറ്റിട്ടില്ല.അവൾ പഠിക്കാനിരുന്നു .നേരം പരപരാ വെളത്തു. വീട്ടുകാരെല്ലാം എഴുന്നേറ്റെന്ന് തോന്നുന്നു. അവൾ അടുകളയിൽ പോയി നോക്കി. സെർവന്റുണ്ട് .കുളി കഴിഞ്ഞ് ഇറങ്ങിയപ്പോഴേക്കും ജോലി കാരി മൈമൂന താത്ത ഒരുക്കിട്ടുണ്ട് . അത് വേഗംകഴിച്ചെന്ന് വരുത്തി. അപ്പോഴാണ് ഉമ്മ എഴുന്നേറ്റുവരുന്നത് കണ്ടത് . അവൾ ധൃതിയിൽ തന്റെ റൂമിൽ കയറി. ബാഗ്ടുത്ത് പുറത്തിറങ്ങി. അപ്പോഴേക്കും ഉമ്മ ലഞ്ച് ബോക്സുമായി വന്നു. അവൾഅത് വാങ്ങി ബാഗിലിട്ടു.നിനക്ക് കാശ് വല്ലതും വേണോ?'- ഉമ്മ ചോദിച്ചു.
വേണ്ടാ എന്നും പറഞ്ഞ് അവൾ മുറ്റത്തിറങ്ങി."അവിടെ നിൽക്ക് ! ഇന്നും ആ പെണ്ണിന്റെ കൂടെ പോകാനാണകിൽ അത് വേണ്ട. ഞാൻ നമ്മുടെ ഗഫൂറിക്കാന്റെ വ ണ്ടി വരാൻ പറഞ്ഞിട്ടുണ്ട് . അയാൾ നിന്നെ കൊണ്ടുവിടും,മനസ്സിലായോ?" ഉമ്മ കലിതുള്ളിയ മട്ടിൽ ഒറ്റവിർപ്പിന് പറഞ്ഞുതീർത്തു.
അതിനിടെ ഗഫുറിക്കാന്റെ കാർ വന്ന് മുറ്റത്ത് നിന്നു. അവൾ കാറിൽ കയറി ഇരുന്നു. അവളുടെ ഉള്ള് വിങ്ങി പൊട്ടി. സ്കൂൾ ഗേറ്റിനു മുമ്പിൽ കാർ നിർത്തി. അവൾ പുറത്തിറങ്ങി. 'സ്കൂൾ വിട്ടാൽ അഥവാ ഞാൻ വരാൻ വൈകിയാൽ അവിടെ നിന്നാൽ മതി.' സ്കൂളിന്റെ മുമ്പിലെ മരം ചൂണ്ടിക്കാട്ടി ഗഫൂറിക്ക പറ ഞ്ഞു .



അവൾ തന്റെ ക്ലാസിലെത്തി. തന്റെ സീറ്റിൽ ചെന്നിരുന്നു. കണ്ണുകൊണ്ട് ആകെയൊന്ന് പരതി.ഇല്ല. എന്റെ സഫ വന്നിട്ടില്ല. അവൾകെന്തുപറ്റി? അവൾളെന്താ വരാത്തത് ? പോന്നപ്പോൾ ഉമ്മ പറഞ്ഞ വാക്കുകൾ അവളുടെ കാതിൽ അലയടിച്ചുകൊണ്ടിരുന്നു. ഓർക്കും തോറും അവൾക്ക് പേടി തോന്നി.ഓരോന്ന് ഓർത്ത്കൊണ്ടിരിക്കെ ആരോ അവളുടെ തോളിൽ കൈവെച്ചു. നോക്കിയപ്പോൾ സീത ടീച്ചർ!അതെ എല്ലാ കുട്ടികൾക്കും ഇഷ്ട്പ്പെട്ട ടീച്ചർ. 'ഏയ് ! എന്ത് ഇരുന്ന് ആലോചിക്കുന്നത് ?...

ഭക്ഷണം കഴിക്കുന്നില്ലേ?
അപ്പോഴാണ് സ്കൂൾ ഉച്ചക്ക് ഭക്ഷണം കഴിക്കാൻ വിട്ടതാണെന്ന് ഓർക്കുന്നത് .
എവിടെ നിന്റെ കൂട്ടുകാരി? എന്തു പറ്റി? -ടീച്ചറുടെ ചോദ്യം കേട്ട് അവൾ പൊട്ടി കരഞ്ഞു . ടീച്ചർ ആകെ അൽഭുതപ്പെട്ടു. എന്തിനാ മോളെ കരയുന്നത് ? എന്നോട് പറ. എന്തുപറ്റി? അവൾ എല്ലാാ കാര്യങ്ങളും ടീച്ചറോട് പറഞ്ഞു. ടീച്ചർ അവളുടെ കണ്ണ് തുടച്ചുകൊണ്ട്



ഭക്ഷണം കഴിക്കാൻ പറഞ്ഞു .'വേണ്ട എനിക്ക് ഭക്ഷണം വേണ്ട. എനിക്ക് എന്റെ സഫയെ ഒന്നു കണ്ടാൽ മതി.'അവൾ വിതുമ്പി.ടീച്ചർ റിഷാനയെ ആശ്വസിപ്പിച്ചു.ടീച്ചർ സ്റ്റാഫ് റൂമിലേക്ക് പോഴി.ബെൽ നീട്ടിയടിച്ചു. കുട്ടികൾ ക്ലാസിൽനിന്നും ഓടി. റിഷാന ബാഗെടുത്ത് എഴുന്നേറ്റു.



അവൾ മുറ്റത്തിറങ്ങി അതാ ഗഫൂർക്കാന്റെ കാർ! അവൾ കാറിനരികെ തിരിയലും ഒരു ബസ്സ് അവളെ കൂട്ടിയിടിക്കലും പെട്ടന്നായിരുന്നു. ചോരയിൽ മുങ്ങിയ അവളെ ഗഫൂറിക്ക ഓടി വന്ന് മറ്റുള്ളവരുടെ സഹായത്തോടെ കാറിൽ കയറ്റി ആശുപത്രിയിൽ എത്തിച്ചു.
ഒരു നാൾ കഴിഞ്ഞ് ബോധം വരുബോൾ റിഷാന ഐ.സി.യു.വിലായിരുന്നു.
കണ്ണു തുറന്നു. അപ്പോൾ കരഞ്ഞ് കലങ്ങിയ കണ്ണുകളുമായി ഉമ്മയും ഉപ്പയും അടുത്തു നിൽക്കുന്നു.മോളേ! തഴ് ന്ന സ്വരത്തിൽ ഉപ്പ വിളിച്ചു. അവൾ ഒന്നും മിണ്ടിയില്ല.
വാ മോളേ.....ഉപ്പ ആരെയാണ് വിളിക്കുന്നത് ?
അവൾ ഒന്ന് നോക്കി അവൾക്ക് തന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. എന്റെ സഫ ഇതാ എന്റെ അരികിലേക്ക് വന്നിരിക്കുന്നു. ഉമ്മ സഫയോട് ഇരിക്കാൻ പറഞ്ഞു. അവൾ റിഷാനയുടെ അടുത്തിരുന്നു. വാതിൽ തുറന്ന് സീത ടീച്ചർ കടന്നുവന്നു. സീത ടീച്ചറെ കണ്ടപ്പോൾ റിഷാനക്കും സഫക്കും വലിയ സന്തോഷമായി.
' ടീച്ചറാ ഞങ്ങളോട് എല്ലാം പറഞ്ഞുതന്നത് .' -ഉപ്പ പറഞ്ഞു.
ഉപ്പ പറഞ്ഞുതീരുന്നതിന് മുൻമ്പ് ഉമ്മ പറയാൻ തുടങ്ങി: "ഞങ്ങൾക്ക് മനസ്സിലായി മക്കളേ പണമല്ല വലുത് . അതിലേറെ വലുത് സ് നേഹവും സൗഹൃദവുമാണ്. അത് ഞങ്ങൾ മനസ്സിലാക്കാൻ വൈകി. "
മാസങ്ങൾ കടന്നു പോഴി.റിഷാന ആശുപത്രി വിട്ടു. റിഷാന മുമ്പ് കണ്ട രണ്ട് മിന്നാമിനുകൾ! അതുപോലെ റിഷാനയും സഫയും എല്ലാ രംഗത്തും ഒരുപോലെ മിന്നി മിന്നി തിളങ്ങി.





നന്ദി,
ഡിജിറ്റൽ മാഗസിനിലേക്ക്
സൃഷ്ടികൾ തന്നവർക്കും
ഇതിനായി സഹകരിച്ചവർക്കും
ഇതൊരു തുടക്കം മാത്രം
പുതിയ ചിന്തകളും
പുതിയ സ്വപ്നങ്ങളുമായി
കൂടുതൽ ഉയരങ്ങൾ
തേടാനുള്ള ഒരു തുടക്കം.

മാഗസിൻ സമിതി

## മാഗസിൻ സമിതി

കെ. ഷംസുദ്ദീൻ മാസ്റ്റർ
എം. മുഹമ്മദ് ഷാഫി മാസ്റ്റർ
മൗസൂഫ അലി ഒ
മുഹമ്മദ് ഷാനിൽ
ഫാത്തിമ റിഫ ടി